# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 30

## വാർത്താക്കുറിപ്പ് - 1

---

# എം.ജി. സർവകലാശാലയിൽ പി.ജി. പ്രവേശനം; അഖിലേന്ത്യാതലത്തിൽ പ്രവേശന പരീക്ഷ

- ഓപ്പൺ ഓൾ ഇന്ത്യ ക്വാട്ടയും വിദേശവിദ്യാർഥികൾക്കായി പ്രത്യേക ക്വാട്ടയും
- പരീക്ഷ രാജ്യത്താകമാനം എട്ടു കേന്ദ്രങ്ങളിൽ
- ഏപ്രിൽ 15 വരെ ഓൺലൈനായി അപേക്ഷ നൽകാം

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂളുകളിലെയും പഠനവകുപ്പുകളിലെയും സെന്ററുകളിലെയും 27 വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് ദേശീയ തലത്തിൽ പരീക്ഷ നടത്തുന്നു. കോമൺ അഡ്മിഷൻ ടെസ്റ്റി(ക്യാറ്റ്) ലൂടെയാണ് പ്രവേശനം. വിവിധ വിഷയങ്ങളിൽ എം.എസ് സി., എം.ടി.ടി.എം., എൽ.എൽ.എം., എം.എഡ്., എം.ബി.എ. പ്രോഗ്രാമുകളിലേക്കാണ് അപേക്ഷ ക്ഷണിക്കുന്നത്. ഓരോ പ്രോഗ്രാമിനും പൊതു വിഭാഗക്കാർക്ക് 1000 രൂപയും കേരളത്തിനകത്തുള്ള എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് 500 രൂപയുമാണ് അപേക്ഷ ഫീസ്. ഫീസ് ഓൺലൈനായി അടയ്ക്കണം. ചെന്നൈ, മുംബൈ, ന്യൂഡൽഹി, ബംഗളൂരു എന്നിവിടങ്ങളിലും കോട്ടയം, എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിവടങ്ങളിലും ക്യാറ്റ് പരീക്ഷകേന്ദ്രങ്ങളുണ്ട്. www.mgu.ac.in, www.cat.mgu.ac.in എന്നീ വെബ്സൈറ്റുകളിലൂടെ ഏപ്രിൽ 15 വരെ ഓൺലൈനായി അപേക്ഷ നൽകാം. വിശദവിവരം വെബ്സൈറ്റിൽ ലഭിക്കും.

## പ്രവേശനത്തിന് സംവരണം; ഓപ്പൺ ഓൾ ഇന്ത്യ, രാജ്യാന്തര ക്വാട്ട

ഈ വർഷം മുതൽ പഠനവകുപ്പുകളിലേയും സെന്ററുകളിലേയും പ്രവേശനത്തിന് നിശ്ചിത സീറ്റുകൾ ഓപ്പൺ ഓൾ ഇന്ത്യ ക്വാട്ടയും ഇന്റർനാഷണൽ ക്വാട്ടയുമായി മാറ്റിവച്ചിരിക്കുന്നു. ഇത് നിലവിലുള്ള സീറ്റുകൾക്ക് പുറമെയാണ്. ഓരോ പഠനവകുപ്പിലും 40 ശതമാനം അധിക സീറ്റുകൾ ഇതിനായി മാറ്റിവച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലുള്ള വിദ്യാർഥികൾക്ക് 20 ശതമാനവും വിദേശരാജ്യത്തിലെ വിദ്യാർഥികൾക്ക് 20 ശതമാനവുമാണ് മാറ്റിവെച്ചിട്ടുള്ളത്.

രാജ്യത്ത് ഇതാദ്യമായാണ് ഒരു സ്റ്റേറ്റ് സർവകലാശാല മറ്റ് സംസ്ഥാനങ്ങളിലെ വിദ്യാർഥികൾക്കായി സീറ്റുകൾ സംവരണം ചെയ്യുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ കേരളത്തിന്റെ നേട്ടം അടുത്തറിയാൻ ഇതിലൂടെ മറ്റ് സംസ്ഥാനങ്ങളിലേയും മറ്റ് രാജ്യങ്ങളിലേയും വിദ്യാർഥികൾക്ക് കഴിയും. ഇവർക്കുള്ള താമസസൗകര്യമടക്കം ഏർപ്പെടുത്തും. കേന്ദ്രസർക്കാരിന്റെ സയൻസ് ആന്റ് ടെക്നോളജി പഴ്സ് പ്രോഗ്രാമിൽ തിരഞ്ഞെടുത്തിട്ടുള്ള 28 സർവകലാശാലകളിൽ എട്ടാമതാണ് മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്ഥാനം.

ക്യാറ്റ് പ്രവേശനപരീക്ഷയ്ക്ക് ഓൺലൈൻ ചോദ്യബാങ്ക് മുഖേനയുള്ള ചോദ്യക്കടലാസാണ് നൽകുക. ഓൺലൈൻ സംവിധാനം വഴിയാണ് സെന്ററുകളിൽ ചോദ്യക്കടലാസ് നൽകുക. വൈസ്

ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, വി.എസ്. പ്രവീൺകുമാർ, രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പങ്കെടുത്തു.

(എല്ലാ എഡിഷനുകളിലും നൽകി സഹകരിക്കണമെന്ന് താത്പര്യപ്പെടുന്നു.)

# Admission to Postgraduate programmes in University Schools/Departments and Centres 2019

**Introduced 'Open All India Quota' and 'International Quota'**

**Common Admission Test will be conducted at 8 centres**

Mahatma Gandhi University has already started inviting applications for admission to 27 different postgraduate programmes in its Schools/Departments/Centres on the campus for the academic year 2019-20. There are 18 different interdisciplinary Schools/Departments, 8 Inter-University Centres, 10 University Centres on the campus. Altogether applications are invited for 27 different postgraduate programmes. Our postgraduate and research programmes range across all disciplines and we are leaders in such fields as Nanoscience and Nanotechnology, Environmental Sciences, Social Sciences, Biosciences and International Relations. Interdisciplinary teaching and research have been the University's first and foremost distinctive feature. Admission would be solely on the basis of a Common Admission Test (CAT). CAT will be conducted at 8 centres (Kottayam, Ernakulum, Thiruvananthapuram, Kozhikode, Chennai, Mumbai, New Delhi and Bangalore). Application can be submitted online till 15th of April 2019. See the University Website for details (www.mgu.ac.in)

One of the very important decisions that we have taken this year is toprovide our students with an experience of National and International interactions on the campus. It is enabled by reserving certain numbers of seats in all the Schools/Departments/Centres as 'Open All India Quota' and 'International Quota'. However, the existing admission opportunities of our students would not be affected by this decision because we have earmarked additional 40% of the total approved seats of each department (20% for students from other states and 20% for students from outside the country) for the said categories. Communal reservation is not applicable both these categories.

To the best of our knowledge, ours is the first decision of a state university in India to reserve seats for students from other states. We hope that our decision will encourage spreading the message of national integration and secular reformative ideals throughout the country, which the state has been upholding since independence. It will also provide an opportunity for students from other states and other countries to have the 'Kerala Experience' in higher education. In our campus, students from outside the states will be provided with a chance to enjoy postgraduate programmes and research with cutting-edge facilities in diverse interdisciplinary and basic science subjects aswell as in arts and humanities. The university is situated in a Picturesque Campus in the 'RuralAmbience'. We are committed to arranging safe accommodationto all who are admitted from the other states in the 'Open All India' Quota' and also for all the international students.

The DST, Government of India has ranked the University 8th among the 29 Universities with DST recognition under PURSE in the Country. The University has successfully introduced the Choice Based Credit and Semester System (CBCSS) and Grading System in the affiliated colleges; the Kerala State Higher Education Council (KSHEC) cites this as constituting a Model for other Universities in the state. Ours is the only University with software autonomy for computer automation and Campus Area Networking, and the only affiliating University in the Country with a Centralized Admission Procedure (CAP) for admission to both UG and PG Programmes. The UGC cites Mahatma Gandhi University as a national model for New Initiatives. All aspiring students are invited to experiencethe difference of a

visionary University, its world-class research and academic environment, hi-tech laboratories and classroom facilities.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, വി.എസ്. പ്രവീൺകുമാർ, രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പങ്കെടുത്തു.

(പി.ആർ.ഒ./39/631/2019)

# വാർത്താക്കുറിപ്പ് - 2

## വിഷയം നിശ്ചയിക്കാനുള്ള ഗവേഷകന്റെ സ്വാതന്ത്ര്യം നിഷേധിക്കരുത്: എം.ജി. സെനറ്റ്

ഗവേഷണവിഷയം നിശ്ചയിക്കാനുള്ള ഗവേഷകന്റെ സ്വാതന്ത്ര്യം കവർന്നുകൊണ്ടുള്ള കേന്ദ്ര സർവകലാശാലയുടെ സർക്കുലറുകൾ പിൻവലിക്കണമെന്ന് മഹാത്മാഗാന്ധി സർവകലാശാല സെനറ്റ് യോഗം അടിയന്തരപ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ സർവകലാശാല സെനറ്റ് ഹാളിൽ കൂടിയ വാർഷിക യോഗത്തിലാണ് പ്രമേയം ഏകകണ്ഠമായി പാസാക്കിയത്.

ശാസ്ത്രബോധത്തിലും യുക്തിചിന്തയിലും അധിഷ്ഠിതമായ സ്വതന്ത്രമായ വിജ്ഞാനോൽപ്പാദനത്തിന് തടസമാകുന്നതാണ് പുതിയ നിർദേശമെന്നും ഭരണകർത്താക്കളോ സർവകലാശാല അധികാരികളോ നിശ്ചയിച്ചുനൽകുന്ന വിഷയത്തിൽ മാത്രം ഗവേഷണം നടത്തിയാൽ മതിയെന്ന നിലപാട് ജനാധിപത്യവിരുദ്ധമാണെന്നും സെനറ്റംഗം പി. പദ്മകുമാർ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിൽ പറയുന്നു. ഡോ. ബി. പ്രകാശ് കുമാർ, സർവകലാശാല യൂണിയൻ ചെയർമാൻ എസ്. നിഖിൽ, ജേക്കബ് സി. നൈനാൻ, പി.വി. ഇസ്മായിൽ, ഡോ. വർഗീസ് കെ. ചെറിയാൻ എന്നിവർ പ്രമേയത്തെ പിന്തുണച്ച് സംസാരിച്ചു.

യു.ജി.സി.യുടെ നോട്ടീസ് പ്രകാരം അധ്യാപകർ, അസിസ്റ്റന്റ് യൂണിവേഴ്സിറ്റി ലൈബ്രേറിയൻ, കോളജ് ലൈബ്രേറിയൻ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ, കോളജ് ഡയറക്ടർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ എന്നിവരുടെ പ്രമോഷനുമായി ബന്ധപ്പെട്ട് റിഫ്രഷർ/ഓറിയന്റേഷൻ കോഴ്സുകളിൽ പങ്കെടുക്കാൻ 2018 ഡിസംബർ 31 വരെ കാലാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിച്ചതായി സിൻഡിക്കേറ്റംഗം ഡോ. പി.കെ. പദ്മകുമാർ പറഞ്ഞു. സർവകലാശാല ഗവേഷണകേന്ദ്രങ്ങളിൽ വൈദ്യുതി മുടക്കം ഉണ്ടാകാതിരിക്കാൻ ഗാന്ധിനഗർ കെ.എസ്.ഇ.ബി. സബ് സ്റ്റേഷനിൽനിന്ന് സർവകലാശാലയിലേക്ക് ഡെഡിക്കേറ്റഡ് ഫീഡർ ലൈൻ വലിക്കുന്നതിന് 1.10 കോടി രൂപ അടച്ചതായും ആറുമാസത്തിനകം പൂർത്തീകരിക്കുമെന്നും സിൻഡിക്കേറ്റംഗം ഡോ. കെ. കൃഷ്ണദാസ് പറഞ്ഞു.

പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകൾ ഓപ്പൺ സർവകലാശാലയിലേക്ക് മാറുന്നതിലൂടെ 6.12 കോടി രൂപയുടെ വരുമാനനഷ്ടം ഉണ്ടാകാനിടയുണ്ടെന്ന് സിൻഡിക്കേറ്റംഗം ഡോ. കെ.എം. കൃഷ്ണൻ യോഗത്തെ അറിയിച്ചു. മാർച്ച്, ഏപ്രിൽ മാസങ്ങളിലെ പരീക്ഷകൾക്ക് കോളജുകൾക്ക് അഡ്വാൻസ് പേയ്മെന്റ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മുൻ അഡ്വാൻസ് ക്രമീകരിച്ചവർക്ക് ലഭ്യമാകുമെന്നും സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് പറഞ്ഞു.

സർവകലാശാല നടത്തുന്ന പരീക്ഷാജോലി ചെയ്യുന്ന അനധ്യാപകർക്ക് കാലാനുസൃത വേതനവർധന നടപ്പാക്കുക, സർവകലാശാല കാമ്പസിൽ ജലശുദ്ധീകരണ പ്ലാന്റും ആധുനിക സൗകര്യങ്ങളോടു കൂടിയ കാന്റീനും സ്ഥാപിക്കുക, സർവകലാശാല ലൈബ്രറിയിലെ ഓൺലൈൻ സൗകര്യങ്ങൾ എല്ലാ അധ്യാപകർക്കും ലഭ്യമാക്കുക, കമ്പ്യൂട്ടറൈസേഷനും സാങ്കേതികവൽക്കരണവും ഏകോപിപ്പിക്കുന്നതിനായി ഐ.റ്റി. സെൽ രൂപീകരിക്കുക, സർവകലാശാല പ്ലാനിങ് ബോർഡ് യോഗത്തിനായി മാസ്റ്റർ പ്ലാൻ തയാറാക്കുക, സംസ്ഥാന സർക്കാരിനെയും സർവകലാശാലകളെയും മറികടന്ന് കോളജുകൾക്ക് സ്വയംഭരണപദവി നൽകാനുള്ള യു.ജി.സി., കേന്ദ്രസർക്കാർ നിലപാട് പുനപരിശോധിക്കുക എന്നീ പ്രമേയങ്ങൾ യോഗം പാസാക്കി. സെനറ്റ് അംഗങ്ങൾ, രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ എന്നിവർ പങ്കെടുത്തു.

(പി.ആർ.ഒ./39/632/2019)

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എസ്‌സി. മെഡിക്കൽ ബയോകെമിസ്ട്രി (പുതിയ സ്കീം - 2018 അഡ്മിഷൻ റഗുലർ/2016, 2017 അഡ്മിഷൻ സപ്ലിമെന്ററി, പഴയ സ്കീം - 2009-2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്‌സി ചാൻസ് - സ്പെഷൽ മേഴ്‌സി ചാൻസ് 2018 - അദാലത്ത്) പരീക്ഷകൾ മെയ് ഏഴിന് ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ രണ്ടുവരെയും 500 രൂപ പിഴയോടെ മൂന്നുവരെയും 1000 രൂപ സൂപ്പർഫൈനോടെ അഞ്ചുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷ ഫീസിന് പുറമെ അടയ്ക്കണം. 5000 രൂപ സ്പെഷൽ മേഴ്‌സി ചാൻസ് ഫീസ് അടച്ചിട്ടുള്ള വിദ്യാർഥികൾ വീണ്ടും ഫീസടയ്ക്കേണ്ടതില്ല.

(പി.ആർ.ഒ./39/633/2019)

മൂന്നാം സെമസ്റ്റർ എം.സി.എ. പരീക്ഷകൾ ഏപ്രിൽ 30ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഏപ്രിൽ രണ്ടുവരെയും 500 രൂപ പിഴയോടെ മൂന്നുവരെയും 1000 രൂപ സൂപ്പർഫൈനോടെ അഞ്ചുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷ ഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/634/2019)

ആറാം സെമസ്റ്റർ ബി.വോക് (2016 അഡ്മിഷൻ റഗുലർ/2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 26ന് ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ മൂന്നുവരെയും 500 രൂപ പിഴയോടെ നാലുവരെയും 1000 രൂപ സൂപ്പർഫൈനോടെ ആറുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/635/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ എൽ.ഡി., ഐ.ഡി. (2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) ഏപ്രിൽ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ മൂന്ന് മുതൽ 10 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/636/2019)

നാലാം സെമസ്റ്റർ ബി.ഫാം സപ്ലിമെന്ററി ഫെബ്രുവരി 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ രണ്ടുമുതൽ ഡി.പി.എസ്., ചെറുവാണ്ടൂർ, പുതുപ്പള്ളി കാമ്പസുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/637/2019)

## വൈവാവോസി

ആറാം സെമസ്റ്റർ ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ്.എസ്., 2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. മാർച്ച് 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ഏപ്രിൽ നാലുമുതൽ ആരംഭിക്കും. ആറാം സെമസ്റ്റർ ബി.എസ്‌സി. മാത്തമാറ്റിക്സ് - വൊക്കേഷണൽ മോഡൽ II -മാർച്ച് 2019 പരീക്ഷയുടെ പ്രോജക്ട് വൈവ പരീക്ഷ ഏപ്രിൽ നാലിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/638/2019)

ആറാം സെമസ്റ്റർ ബി.എ. കോർപ്പറേറ്റ് ഇക്കണോമിക്സ് മോഡൽ - 3 (സി.ബി.സി.എസ്.എസ്.-റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) മാർച്ച് 2019 പരീക്ഷയുടെ പ്രോജക്ട്/വൈവാവോസി പരീക്ഷകൾ ഏപ്രിൽ നാലിന് പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/639/2019)

ആറാം സെമസ്റ്റർ ബി.എ. ഇക്കണോമിക്സ് മോഡൽ - 2 (സി.ബി.സി.എസ്.എസ്.-റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) മാർച്ച് 2019 പരീക്ഷയുടെ പ്രോജക്ട്/വൈവാവോസി പരീക്ഷകൾ ഏപ്രിൽ രണ്ടുമുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/640/2019)

ആറാം സെമസ്റ്റർ ബി.എ. ഇക്കണോമിക്സ് (സി.ബി.സി.എസ്.എസ്.-റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്) മാർച്ച് 2019 പരീക്ഷയുടെ പ്രോജക്ട്/വൈവാവോസി പരീക്ഷ ഏപ്രിൽ ഒന്നു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/641/2019)

ആറാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ്.) മാർച്ച് 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ഏപ്രിൽ മൂന്ന് മുതൽ അഞ്ചുവരെ അതത് കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/642/2019)

## പരീക്ഷഫലം

2018 സെപ്തംബറിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. ഹിസ്റ്ററി, ആന്ത്രോപോളജി (സോഷ്യൽ സയൻസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/643/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്സി. ഫിസിക്സ് (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/644/2019)

2018 സെപ്തംബറിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നടന്ന പി.എച്ച്.ഡി. കോഴ്സ് വർക്ക് (മാനേജ്മെന്റ് സയൻസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/645/2019)

2018 ഏപ്രിലിൽ നടന്ന ഒന്ന്/രണ്ട് സെമസ്റ്റർ എം.കോം (പ്രൈവറ്റ് - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/646/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്സി. അപ്ലൈഡ് മൈക്രോബയോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/647/2019)

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ് സെമസ്റ്റർ ബി.കോം. ഓഫ് കാമ്പസ് (സി.ബി.സി.എസ്.എസ്.-സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/648/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്സി. മാത്തമാറ്റിക്സ് (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/649/2019)

2018 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.വോക് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/650/2019)

2018 ഏപ്രിലിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഇംഗ്ലീഷ് പ്രൈവറ്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 17 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/651/2019)

## എം.ബി.എ. പ്രവേശനം; തീയതി നീട്ടി

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ എം.ബി.എ. പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ 15 വരെ നീട്ടി. www.admission.mgu.ac.in എന്ന ലിങ്ക് വഴി ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവിഭാഗത്തിലുള്ളവർക്ക് 1000 രൂപയും കേരളത്തിനകത്തുള്ള എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് 500 രൂപയുമാണ് അപേക്ഷഫീസ്. അപേക്ഷ ഫീസ് ഓൺലൈനായാണ് അടയ്ക്കേണ്ടത്. വിശദവിവരത്തിന് ഫോൺ: 9495544375. ഇമെയിൽ: citadhelp@mgu.ac.in

(പി.ആർ.ഒ./39/652/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ